# ലിറ്റിൽ കൈറ്റ്സ് മാഗസിൻ
# 2018-19




# വേരാഴം

GOVERNMENT HIGHER SECONDARY SCHOOL, NIRAMARUTHUR, TIRUR
ESTD - 1922

## ജി എച്ച് എസ് എസ് നിറമരുതൂർ



# സമർപ്പണം

*പ്രളയത്തെ അതിജീവിക്കാൻ താങ്ങായ പ്രിയപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക്*

<u>*എഡിറ്റോറിയൽ ബോർഡ്*</u>




## പി.ആശിഖ ജബീൽ

## കെ.നിഹാല

## കെ.നയന

## സി.ലിൻഷ ഫെബിൻ

## പി.അസ്ന ഷെറിൻ

# എഡിറ്റോറിയൽ

തിരക്കുപിടിച്ച പഠന പ്രവർത്തനങ്ങൾക്കിട-
യിലും ഇങ്ങനെ ഒരു മാഗസിൻ പുറത്തിറക്കാൻ
കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.അക്ഷരങ്ങൾ കൊണ്ട് ചിന്തയിൽ
കോറിയിട്ടവയും ഗുരുനാഥൻമാരാൽ പിറവിയെടുത്തവയും ഇതിൽ നിന്നും
വായിച്ചെടുക്കാം.
അടയാത്ത മനസും തുറന്ന മിഴികളുമായി ഈ വിദ്യാലയത്തിലെ
വിദ്യാർത്ഥികളുടെ ഉൾകാഴ്ച്ചയാണീ മാഗസിൻ.
ഒട്ടും പരിചിതമല്ലാത്ത ഈ ഉദ്യമത്തിന് തണലേകിയവരോടുള്ള കടപ്പാട്
വിസ്മരിക്കുന്നില്ല.തെറ്റുകൾ ഉണ്ടെങ്കിൽ അത് ഞങ്ങളുടെ എളിയ ശ്രമത്തിന്റെ
അടയാളപ്പെടുത്തലായി കാണുമെന്ന പ്രതീക്ഷയോടെ സാദരം സമർപ്പിക്കുന്നു

എഡിറ്റർ

ഹിബ ഷഹ്മ




*Sri.Anitha C P*
*Headmistress*



*Sri.C P Krishnan*
*Deputy HM*



Little Kites Club Members

# താളുകൾ മറിയുമ്പോൾ


1 പിടയുന്ന ജീവൻ

2 ദാരിദ്യം

3 QUOTATION

4 കണക്കിലെ കളികൾ

5 ജലം

6 മനുഷ്യന്റെ കടന്നു കയറ്റം പ്രകൃതിയുടെ നാശത്തിന്

7 അഭയം

8 നിങ്ങൾ ശ്രദ്ധിക്കൂ...

9 G H S S NIRAMARUTHUR 2018

10 പുഴയുടെ ഓർമകൾ

11 TEAR OF TIRUR

12 ഒരു മുല്ലപ്പെരിയാറിൻ ഗദ്ഗദം

13 പുകവലി

14 പ്രകൃതി

15 ഓർമകളിലൂടെ

16 THE REAL VALUE OF FRIENDSHIP

17 വിരഹം

18 കാലം വിടപറഞ്ഞ സൗഹൃദം

**19 പൂങ്കുയിൽ**

**20 ഇഷ്ടങ്ങൾ**

**21 സ്വർഗം**

**22 സൗഹൃദം**

**23 നിലാവ്**

**24 മാറ്റപ്പെടുന്നവ**

**25 BABY ANIMALS**

**26 മഴ**

**27 മിഴി**

**28 മരണമേ**

**29 നിഴലേ നീമാത്രം**

***30 ഇന്ത്യ***

<u>കവിത</u>

# പിടയുന്ന ജീവൻ

അന്നാപുലർവേളയിൽ
കുത്തിയൊഴുക്കുന്ന മഴവെള്ളപാച്ചിൽ
കണ്ടു ഞാനാ പിടയുന്ന ജീവനെ
കൂടപ്പിറപ്പില്ലാത്ത ഏകാന്തയാത്രയിൽ
ജീവിതം തുടങ്ങുന്ന കുഞ്ഞുമനസ്സിനെ
അന്ത്യമെതാത്ത കുത്തിയൊഴുക്കിൽ
ആരാരുമില്ലാതെ,എവിടേക്കെന്ന് അറിയാതെ -
ആരോടൊപ്പമെന്നറിയാതെ
മറഞ്ഞുകൊണ്ടിരിക്കുന്ന ആ കുഞ്ഞുജീവനെ
കോച്ചു പരൽമീനിനെ
ഞാനതിൽ കണ്ടു അവശേഷിക്കുന്ന -
ചെറുപ്രാണൻ തുടിപ്പുകൾ
വിറക്കുന്ന കൈകളാൽ
വാരിയെടുത്തു ഞാൻ ആ കൊച്ചുജീവനെ
പുതിയ ജീവനെ നൽകാനായ്.

\- *ആശിഖ ജബീൽ*



<u>കഥ</u>

- റിയ

## ദാരിദ്ര്യം

നേരം പുലർന്നു വടക്കേതിക്കിലെ രാമുവേട്ടന്റെ വീട്ടിലെ കോഴി കൂവി.അരയിൽ മുണ്ടും മുറുക്കികുത്തി മുറ്റത്തോട്ടിറങ്ങി.ചൂലിനായി വീടിനു ചുറ്റുമൊന്ന് കണ്ണോടിച്ചു. ഇല്ല അവിടെയില്ല. അപ്പോഴാണോർമ്മ വന്നത്.അമ്മുവാണിന്നലെ ചൂലെടുത്തുവച്ചത്.എവിടയാണാ,,വോ ആപെണ്ണത് കൊണ്ടുവെച്ചത്. അമ്മതൊടിയിലേക്കൊന്നിറങ്ങി നോക്കി.

അതാ അവിടെയുണ്ട്.അമ്മ ആ ചൂലുമായി സാവധാനം ഇത്തുവാരികൊണ്ടിരിക്കെ പുറകിൽ നിന്നൊരു വിളികേട്ടു ശാരദേ....
ടീ ശാരദേ..... ആ എന്താ അമ്മിണ്യേടത്ത്യേ
എന്തിനാ വിളിച്ചേ. മുറ്റ മടിച്ച ചൂൽ തറയിൽ വെച്ച് കൊണ്ട് അമ്മ മതിലിനരികലേക്ക് നടന്നു.തൊട്ടടുത്ത വീട്ടിലെ ചോച്ചിയാണ് വിളിച്ചത്.വിളിച്ചാൽ പെട്ടന്ന് ചെന്നില്ലേൽ ദേഷ്യം വരും അതുകൊണ്ട് അമ്മ വേഗത്തിൽ നടന്നു.

ടീ ...... ശാരദേ എന്താ പറ്റ്യേ അനക്ക് നീ ആളങ്ങ് മെലിഞ്ഞല്ലോ മാത്രോല്ല നിന്റെ പണീടെ വേഗോക്കെ ഈയിടെയായൊന്ന് കുറഞ്ഞിട്ടുണ്ട് എന്തുപറ്റീടി....?
എന്താപറയെന്റെ അമ്മിണ്യേടത്ത്യേ വയ്യാണ്ടാവണണ്ട് പ്രായായിവരല്ലേ.വച്ച്ണ്ടാക്കാനൊന്നും കിട്ടീല്ല്യാ അതോണ്ട് പണി ഒന്ന് പത്ക്കാക്കി ഒക്കെ കഴിഞ്ഞിട്ട് വെറുതെ ഇരിക്കാച്ച അങ്ങനെ ഇരുന്നൊരു

ശീലോല്ല്യാ. കുട്ട്യോളച്ചനാണേ പണിണ്ടായിട്ട് മൂന്ന് മാസം ആവണ് അങ്ങേരല്ലാണ്ട് ആരാ ഈ പൊരേക്ക് നയിച്ചോണ്ട് വരാള്ളെ അതോണ്ട് കൊറച്ച് ദൂസായി വച്ച്ണ്ടാക്കാൻ പീട്യേന്ന് എന്തേലും വാങ്ങിച്ചിട്ട്. ഉള്ളോണ്ടങ്ങനെ കഴിയായിരുന്നു.





കണ്ടോടത്ത്ന്നൊക്കെ കിട്ടണ റൊട്ടികഷ്ണം കൊണ്ടാന്റെ മക്കള്ടെ വയറ് നിറക്കെണെ.പാവാന്റെ കുട്ട്യേള് അവറ്റോള്ടെ ഒരു വിധി അല്ലാണ്ടെന്താ പറയാ.ഇപ്പൊണരും ന്റെ അപ്പു. ഓനെ കാണുമ്പോഴാന്റെ കണ്ണുനിറയണേ.ചെറ്തല്ലേ ഒന്നും അറീല്ല്യല്ലോ.ന്നാലും പിടിച്ച് നിൽക്കും ന്റെ അമ്മു സഹിക്കാണ്ടാവുമ്പോ വന്ന് ചോദിക്കും എന്തെങ്കിലും കിട്ടാൻ വകേണ്ടമ്മേ വെശന്നിട്ട് വയറ് കാളാണ്.ആ വാക്കിന് മുന്നിൽ ഞാനങ്ങ് കരഞ്ഞ് പോകും.എങ്ങനയാ ഞാൻ പിടിച്ച് നിൽക്കാ ന്നാലുംഞാൻ കരച്ചിലടക്കും. ഞാനൂടി തളർന്നാൽ പിന്നെങ്ങനാ.

ഇത്രയും പറഞ്ഞ് തന്റെ നനഞ്ഞ കണ്ണുകളെ തുടച്ച് കൊണ്ടമ്മ അടുക്കളയിൽ കയറി.പാത്രങ്ങളെല്ലാം മയക്കത്തിലാണ് വിളിച്ചൊണർത്താൻ ഒരു വകീല്ല്യാ.അമ്മ തിണ്ണയിൽ അങ്ങനെ ഇരുന്നു.മനസിൽ ഒരു വാക്ക് മാത്രം ഈ നശിച്ച ജീവിതം എന്ന അവസാനിക്കെന്റീശ്വരാ......!

# “QUOTATION”

'Life laughters at you when you are unhappy
Life smile at you when you are happy
But,
Life salutes at you when you make other happy'

Charlie Chaplin




'A living donkey is better then
A dead Lion:

Albert Einstein

"Don 't fear for facing failure
in the first attempt, because
Even successful maths stars
with zero only

Dr. A P J Abdul Kalam



"Don't read success story
Read only failure story
Because, failure story gives you
new idea to win
success story gives you only message"

Fidel Castro



Collected By

- *ASHIKA JABEEL*

# കണക്കിലെ കളികൾ

1.ചോദ്യം

അഞ്ച് ഒന്നുകൾ ഉപയോഗിച്ച് 100

ഉണ്ടാക്കുന്നതെങ്ങനെ ?

ഉത്തരംഃ 111-11=100

- *നയന*

സംഖ്യാപാറ്റേൺ

9 x 9 = 81
99 x 99 = 9801
999x999 = 998001
9999 x9999 = 99980001
99999 x 99999 = 9999800001

***- നയന***

സംഖ്യ പാറ്റേൺ

0×9+1=1
1×9+2=11
12×9+3=111
123×9+4=1111
1234×9+5=11111
12345×9+6=111111
123456×9+7=1111111
1234567×9+8=11111111
12345678×9+9=111111111

***- ലിൻഷ ഫെബിൻ***

# ജലം

കണ്ണാകുന്ന ജലം കരളാകുന്നജലം
അലിവൂറും തൻ മിഴിയാകുന്നജലം
അമ്മതൻ അമ്മിഞ്ഞപ്പാൽനുകരും
ശിശു വിൻകണ്ണുനീർ തുള്ളിയാകുന്നുജലം

അമ്മതൻ ഭൂമിയാം ദുഃഖമറിഞ്ഞ്
ആകാശമാതാവ് പകരുന്ന
കണ്ണുനീർതുള്ളിയാം ജലം

***- ആശിഖ ജബീൽ***



## മനുഷ്യന്റെ കടന്നുകയറ്റം പ്രകൃതിയുടെ നാശത്തിന്




പ്രകൃതിയിൽ ഒരു ഭാഗം മാത്രമാണ് മനുഷ്യൻ. പ്രകൃതിയെ നാം ഇന്ന് പ്രകൃതിയോടും അതിലെ ജീവജാലങ്ങളോടും പെരുമാറുന്നത്. മരം വെട്ടി നശിപ്പിക്കുക, അത് മൂലം ജീവജാലങ്ങളുടെ വാസസ്ഥലും ഇല്ലാതാവുന്നു. പാടം നികത്തി ഫാക്ടറിയും വീടും നിർമ്മിക്കുക. കുന്നുകൾ ഇടിച്ചും നിരത്തുക. മാലിന്യങ്ങൾ നിക്ഷേപിച്ചും മണൽ വാരിയും നദിയെ നശിപ്പിക്കുക. ഇങ്ങനെയെത്ര ക്രൂരതകൾ! ഇതകൊണ്ട് പ്രകൃതിക്കും അതിലെ

ജീവജാലങ്ങൾക്കും നാം ക്രൂരത ചെയ്യുന്നു. ഇന്ന് മനുഷ്യൻ പല ആവശ്യങ്ങൾക്കും പ്രകൃതിയെയും അതിലെ ജീവജാലങ്ങളേയും വേട്ടയാടുന്നു. ഇത് മൂലം ധാരാളം ജീവികൾ വംശനാശ ഭീഷണി നേരിടുന്നു. ഇങ്ങനെപോയാൽ വരും തലമുറയ്ക്ക് പ്രകൃതി ഇല്ലാതാവും. ഇപ്പോൾ തന്നെ ഭാഗീകമായ നശിച്ചു കൊണ്ടിരിക്കുന്നു. ഇതെല്ലാം അറിഞ്ഞിട്ടും എന്തൊരു ക്രൂരത നാം ചെയ്യുന്നു.

- *നിഹാല*



***കവിത***

**അഭയം**

വിറകൊഴിഞ്ഞ പുരയിൽ പശു ഒഴിഞ്ഞ തൊഴുത്തിൽ
പുരയുടെ തിണ്ണയിൽ ആൾ ഒഴിഞ്ഞ വീഥിയിൽ
അടക്കം ചെയ്തവരുടെ അഭയസ്ഥാനം......
എന്നിട്ടും ചിലരൊക്കെ?
ഉറക്കം നഷ്ട്പ്പെട്ടവർക്ക് ഉറക്കം നൽകുന്ന
ഭക്ഷണം ഇല്ലാത്തവർക്ക് ഭക്ഷണം നൽകുന്ന
തണൽ ഇല്ലാത്തവർക്ക് തണൽ നൽകുന്ന
എന്തിന്...? വിലപിടിപ്പുള്ള ഖനികൾ
തട്ടിപ്പറിച്ച് വിൽക്കാനോ...?
എവിടെ...? ചതിക്കപ്പെട്ടവരുടെ അഭയസ്ഥാനം......
ജീവിച്ചിരുന്നപ്പോൾ...... വിലയില്ലാത്തവന്റെ ജഡത്തിന് വിലക്കുട്ടിപറഞ്ഞ്
സ്വന്തമാക്കി
വിസർജ്യത്തിനുപോലും വിലപേശനാരോ വിരുതമ കാട്ടുന്ന
കാലം വരും
അപ്പോൾ അഭയകേന്ദ്രത്തിന്
സ്വർഗം എന്ന പേര് നൽകും...

- asna sherin



# നിങ്ങൾ ശ്രദ്ധിക്കൂ...

നാം തന്നെ

നമ്മുടെ നാട് നശിപ്പിക്കുന്നു. നാം  വഴിയിൽ പ്ലാസ്റ്റിക് കവറുകളുംചപ്പു ചവറുകളും വലിച്ചെറിയുന്നു പുഴയിൽ മലിന്യങ്ങൾ തള്ളുന്നു.അങ്ങനെവെള്ളം ചീത്തയാക്കുന്നു. ഓടകളിൽ വെള്ളം കെട്ടി നിന്ന് കൊതുക് മുട്ടയിട്ട് പല രോഗങ്ങളും ബാധിക്കുന്നു ചിക്കൻ ഗുനിയ ഡെങ്കിപ്പനി,തക്കാളി പനി അതുപോലെ അനേകം രോഗങ്ങൾ ബാധിക്കുന്നു.ഇതിനെല്ലാം കാരണം നമ്മൾ  തന്നെയാണ് ഈ മലിന ജലം കുടിച്ച് നമമുക്ക്

മഞ്ഞപ്പിത്തം,ചർദ്ദി എന്നിവ പടരുന്നു .നാം ഒരുമിച്ചു നിന്നാൽ നമ്മുടെ നാട് നമുക്ക് സുന്ദരമാക്കാം.

***- Nayana***



# Ghss Niramaruthur2018

പഠന പാഠനേതര മേഖലകളിൽ വളരെയധികം നിലവാരം പുലർത്തിയ വർഷമായിരുന്നു ഇത്.നാല് ഫുൾ എപ്ലസിൽ നിന്ന് പതിനഞ്ചിലേക്കുയർന്ന വർഷം.ഇത് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഉത്തരവാദിത്തം കൂട്ടുന്നു.മികവാർന്ന പ്രവർത്തനങ്ങളാൽ തിളങ്ങനിന്ന വർഷം.അതിലേറ്റം അഭിമാനാർഹം 60 മാഗസിൻ എം.ടി വാസുദേവൻ നായർ  തുഞ്ചൻ പറമ്പിൽ ഉദ്ഘാടനം ചെയ്തപ്പോഴായിരുന്നു.ഒട്ടേറെ പ്രവർത്തനങ്ങൾ  നടത്തി ഇനിയും മുൻനിരയിലേക്ക് കുതിക്കാനായി  2018 നോട് തൽക്കാലം വിടപറയട്ടെ.

**- ജിഷ ടീച്ചർ**



# പുഴയുടെ ഓർമകൾ

തന്റെ ബാല്യകാലം പുഴയുടെ ഓർമയിൽ വിരിഞ്ഞു...
തന്നോട് ശ്രൃംഗരിച്ച് തന്നോടപ്പം തഴുകി ഒഴുകുന്ന മത്സ്യ
ങ്ങൾ ഇതര ജീവിവർഗ്ഗങ്ങൾ...
ഇന്ന് സ്വപ്നം കണ്ണീർ തുള്ളികളായിരുന്നു...
തന്റെ പ്രിയ സുഹൃത്തുക്കൾ ഇന്ന് തന്നോടപ്പമില്ല
അവൻ ജീവൻ പുൽകിരിക്കുന്നു...

*- നയന*






## *TEAR OF TIRUR*

Her sweet music awakening me
It flaws calm and quiet .
Passing through the heart of "tirur"
Cooling our minds and street .
Stands for nerves ,
Our land yes it is the river, ....
'Tirur river '
Now, the Tear of land

***- Nayana***



# മുല്ലപ്പെരിയാറിൻ ഗദ്ഗദം

അന്തിമയങ്ങുന്ന യാമങ്ങളിൽ
സ്വപ്നങ്ങളുടെ യാത്രയിൽ
ഇനിയുള്ള രാത്രികളിൽ
നിലാവിന്റെ വെളിച്ചത്തിൽ
ഓർമിക്കയണെന്റെ ബാല്യകാലം
ഈൺപ്പൂതപ്പിച്ച പുലരിയെപ്പോലുമേ
കള കള ശബ്ദത്തിൽ ഞാനുണർത്തി..
ഇന്നോളമെനിക്കായ് സ്നേഹിക്കുവാനല്ലൊതെ
നോവിച്ചില്ല ഞാനെൻമക്കളെ..
ഓർക്കുവാനില്ല എങ്കിലും ഒരു നേര
മേനിക്കു മുന്നിൽ,അറ്റമില്ലാതെയാർക്കുന്ന കൈകളിൽ ഇനിയെത്ര ദിനങ്ങൾ എനിക്കുമുന്നിൽ
നാശങ്ങൾക്കു വഴിവെട്ടിശീലിച്ച നിങ്ങളോ ഞാനോ ഇതിനുത്തരവാദി....
സുഖലോലുപത്താൽ വളരുന്നു വന്ന
മക്കളിൽ മുഖങ്ങളെ കുറിച്ചറി
യാൻ നേരമില്ലാതായ്
പടുത്തുയർത്തുന്ന കൈകളിൽ
കാലങ്ങൾ വെളിച്ചത്തിന്റെ ശൗര്യത്തെ
ഞാനറിയാതെ വീണുപോയാൽ
എന്റെ മക്കളെയാരുണ്ട് കാത്തിടുവാൻ...

- അസ്ന ഷെറിൻ




പുകവലി ആരോഗ്യത്തിന് ഹാനീകരം,

ചെറിയ വില കൊടുത്ത് വാങ്ങിയതിന്

***വലിയ വില കൊടുക്കേണ്ടിവരും***

# പ്രകൃതി

## സൗന്ദര്യമാർന്നൊരു കൊച്ചു പ്രകൃതി
## അമ്മയാകുന്നൊരു നല്ല പ്രകൃതി
## വർണ്ണങ്ങൾ ചേർന്നൊരു
## സ്വർഗമാകുന്ന പ്രകൃതി

**- *നിഹാല***



# ഓർമകളിലൂടെ

അകലെ ചക്രവാളത്തിന്റെ ചുവപ്പ്
ഇനിയുമുറങ്ങാത്ത പ്രകൃതിയുടെ നോവായി
എന്നിൽ നിറയവേ,
സൗഹൃദത്തിന്റെ നേർത്ത സ്പന്ദനങ്ങൾ
ഓർമ്മയിൽ കരിമ്പടം പുതച്ചുറങ്ങുന്നു.

നടന്നു മടുത്ത നാട്ടുവഴികളും
ഇലകൾ പൊഴിഞ്ഞെന്നെ കാത്തിരിക്കവേ
ഇനിയും നടക്കാനെനിക്കാശയീ വഴി
ഉടഞ്ഞ സൗഹൃദപ്പൊട്ടുകൾ പെറുക്കുവാൻ!

മനസ്സിലിന്നും മറക്കാതെയുരുകുന്ന
ഓർമ്മകളുടെ ചെറുനീരൊഴുക്കതിൽ
ഗദ്ഗദങ്ങളും പൊട്ടിച്ചിരികളും
ഇലകലർന്നെങ്കിലും തമ്മിൽ കലരാതെ,

ഇടക്കു വെമ്പുന്ന സ്വരനൈർമ്മല്യവും
ഇടറിവീഴുന്ന സ്വപ്നസൗധങ്ങളും
നിറഞ്ഞു തുളുമ്പുന്ന മിഴിയിണകളും
എങ്കിലും പ്രിയങ്കരം ആ മലർക്കാലം!

താണ്ടുവാനേറെ വഴിയുണ്ടെനിക്കിന്നും
താങ്ങേതുമില്ലെനിക്കെന്നും ഞാനോർക്കവേ
തേടുന്നു വിജനമാമീ വഴിത്താരയിൽ
താങ്ങുവാൻ സൗഹൃദത്താമരപ്പൂക്കളെ.

കാലങ്ങൾ നിഴലുകൾ തീർക്കുന്ന വേളയിൽ
തേടുന്ന ഞാനാ ഓർമ്മതൻ കൈത്തിരി
നേർത്തൊരു കാറ്റിൽ പിടയുന്ന
മയിൽപ്പീലിയായ് ഇന്നെൻ ഹൃദയരാഗവും.

- ശ്രീചിത്ര ടീച്ചർ . പി. കെ





# THE REAL VALUE OF *FRIENDSHIP*

***Friendship seems very easy as we hear it, but it is not jest for hearing, it is for feeling. A good friend can clear your mind and help you to make a good future. A real friend only can share and understand your feelings. If you want to know how pure or precious friendship is; just go through the following message tip.***

***The real friendship between two hearts becomes a 'HABIT'. Even if one takes out 'H' from that 'A BIT' remains. If he\she takes 'A''BIT' remains and finally if he\she takes out 'B;' still 'IT' remains.***

***Marzook***




# വിരഹം

ഉയിരറ്റു വീണൊരു പുഷ്പമന്നോതി
കുളിരോട്ടമില്ലാത്ത വിരഹം
ആഴിയിൽ മുങ്ങിതാഴമന്നേരം
സുര്യനുമുണ്ടൊരു വിരഹം
മനുഷ്യമർദ്ദനമേറ്റ വൃക്ഷങ്ങൾ
ക്കൊക്കെയുമുണ്ടീവിരഹം
വെയിലേറ്റുവറ്റിയ നിളകൾ
ക്കുമുണ്ടൊരു കണ്ണീരിനാലുള്ള വിരഹം
ഇതരജിവികൾക്കോരോരുത്തർക്കും ജന്മമീനൽക്കിയ
ഭുമിക്കുമുണ്ടിപ്പോൾ വിരഹം

- *അസ്ന ഷെറിൻ*

# കാലം വിടപറഞ്ഞ സൗഹൃദം

ഒരു ക്യമ്പസിനുള്ളിൽ
ചിരിച്ചുക്കി നമ്മൾ
എത്രയോ സൗഹൃദങ്ങൾ
എന്നിൽ വിടപറഞ്ഞു
മിഴികൾ നനവോടെ
അന്നു നമ്മൾ പിരിഞ്ഞു
മിഴിയാർന്ന കണ്ണിൽ എന്നും എൻ സൗഹൃദം
കഥ പറയും
മഴിയൽ നനഞ്ഞ നാൾ
വെയിലിൽ കുളിർത്ത നാൾ
ഇനി മറക്കാൻ വയ്യ....
ഇനി മറക്കാൻ വയ്യ...
കാലം വിട പറഞ്ഞു
എൻ നല്ല സൗഹൃദവും

***- ഹിബ ഷെഹ***






# പൂങ്കുയിൽ

പാട്ടു പാട്ടു കുയിലേ നീ
നിന്റെ പാട്ട് എന്തുരസം
നീ എങ്ങനെപാടുന്നു?
നിന്റെ പാട്ട് പാടുനീ...
നേരം പുലരും നേരത്ത്
നിന്റെ പാട്ട് കേൾക്കാലോ
നിന്റെ പാട്ട് തേൻ മധുരം
പാട്ടു പാട്ടു പൂങ്കുയിലേ......

- ***അസ്ന ഷെറിൻ.***

*Sreechithra*

# ഇഷ്ടങ്ങൾ



ഞാൻ ഇഷ്ടപ്പെടുന്ന .....
രാത്രിയിൽ പെയ്യുന്ന മഴയെ,
അതിൻ നറുമണം പേറുന്ന
പ്രഭാതകിരണങ്ങളെ
നേർത്ത തണുപ്പ് സമ്മാനിക്കും
പുലർകാലത്തെ,
പ്രഭ ചൊരിയാൻ മടിക്കുന്ന
സൂര്യമാനസത്തെ,
നിർമ്മലഹാസത്തെ
വിരിയിക്കും
വർണശഭളമാമീ പുഷ്പങ്ങളെ
അതിലൂറിനിൽക്കുന്നൊരീ
മഴത്തുള്ളികളെ ,
അതിൽ നിറഞ്ഞാടും
മഴകാഴ്ചകളെ പിന്നെ ....
ഒരു നേർത്ത മന്ദമാരുതൻ
ചുംബനമേൽക്കുമ്പോഴേക്കും
മഴ പൊഴിയിക്കുന്ന
വൃക്ഷലതാദികളെ
ഞാൻ ഇഷ്ടപ്പെടുന്ന
എനിക്കേറ്റമിഷ്ടം തോന്നുന്നൊരീ
പ്രഭാതത്തെ ,
ഒരിക്കലും നിലയ്ക്കാത്ത
എന്നിലെ ഇഷ്ടങ്ങളെ....



# സ്വർഗം

ഗാംഭീര്യത്തോടെ നിൽക്കുന്ന മരങ്ങൾ
അവയുടെ ചുറ്റിലും ചുവട്ടിലും പക്ഷിമൃഗാദികൾ
കാർണികാരം പൂത്തുനിൽക്കുന്ന മലകൾ
അറകളായി ഒഴുകി വരുന്ന
കണ്ണുനീർ പോലെ തെളിഞ്ഞജലം
പച്ചയും മഞ്ഞും നിറത്തിലുള്ള വയലുകൾ
നെൽമണി കൊത്തിയെടുക്കാൻ
താണു പറക്കുന്ന തത്തമ്മകൾ
ദീർഘ നിശ്വാസത്തിന്റെ കാറ്റുകൾ
ഇളം കാറ്റുകളിൽ കോരിത്തരിക്കുന്ന കാലങ്ങൾ
ഇല പൊഴിഞ്ഞു കിടക്കുന്ന പാതകൾ
കൂട്ടിമുട്ടുന്ന കാർമേഘങ്ങൾ
പവിഴമുത്തുകളെ പോലെ
പൊഴിയുന്ന മഴകൾ
കുട്ടികളെ പോലെ ഒഴികികളിക്കുന്ന -
അരുവികൾ
ആഴിയിൽ താണുപോകുന്ന
ചിരിമങ്ങും കുങ്കുമപൊട്ട്

***- ലിൻഷ ജബിൻ***

# സൗഹൃദം

നിഷ്കളങ്ക ഹൃദയത്തിന്റ ഏകാന്തതയിൽ-
വിശ്രമിക്കുമ്പോൾ
മനസ്സിൽ എവിടെയോ ഒരു പതീക്ഷയുടെ
നിറകുടമായി കവിയുന്ന സൗഹൃദം
താളം തെറ്റിയ മനസ്സിൽ കുളിർമഴയായ്-
പൊഴിയും സൗഹൃദത്തിന് മഴതുള്ളികൾ
ഓർമ്മയുടെ പുസ്തകതാൾ മറിക്കുമ്പോൾ മനസ്സിൽ എങ്ങോ
മനസ്സിൽ ഒരു പനിനീർ പുഷ്പമായി
വിടരുന്ന സൗഹൃദം
മണ്ണിലും വിണ്ണിലും ചെറുജീവിതം മനസ്സിലും ഒരു കുളിർക്കാറ്റായ്
വീശുന്ന സൗഹൃദം
ഈ സൗഹൃദത്തിന് അതിരുകൾ ഇല്ല
ഈ സൗഹൃദത്തിന് മരണവുമില്ല

***- അസ്ന ഷെറിൻ***





# നിലാവ്

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൽ നിന്നി വെണ്ണിലാവ്.
ഇരവിന്നിരുളിൽ
വഴിയെതെന്നറിയാതുഴലും
സഖിയേ... സഖിയേ...
മണ്ണിന്നിരുളകലാൻ, കണ്ണിൽ
കാഴ്ചകൾ തെളിയാൻ.
കനവിൽ നിറയും നിനവിൽ
കളിരും കൂട്ടായണയും
*നിലാ ശുവലഴകേ...*

*Nihala*




- *സുരയ്യ ടീച്ചർ*

# മാറ്റപ്പെടുന്നവ

ദൂരത്തെ വേഗം കൊണ്ട് കീഴ്പ്പെടുത്തിയപ്പോൾ മനുഷ്യൻ സ്വന്തം ഹൃദയത്തിൽ നിന്നും അകന്നുപോയി. തികച്ചും യാന്ത്രികമായി എന്ന് പറയുന്നതിനുമപ്പുറം യന്ത്രങ്ങളെ ഉപയോഗപ്പെടുത്തി നാം മുന്നേറി എന്നതാണ് സത്യം.ഓരോ മനുഷ്യനും യന്ത്രമായി മാറാൻ കഴിയും എന്നതിന്റെ തെളിവും കൂടിയാണ് വർത്തമാനകാലം.ശരീരത്തെ പോലെ മനസ്സുകൂടി ഉൾക്കൊള്ളുന്ന ഒന്നാണ് മനുഷ്യൻ.മനുഷ്യവികസനം ശരീരബന്ധിയായി മാത്രം നടക്കില്ല എന്നർത്ഥം.

ഒറ്റക്കിരിക്കാനും യാന്ത്രികത യോട് സംവദിക്കാനും നാമെല്ലാം കൂടുതൽ താൽപര്യം കാട്ടുന്നു. സ്വഭാവം രൂപപ്പെടുന്നതിന് മാമ്പേ നിർജീവ കൂട്ടുകാരെ തേടുന്ന കുട്ടിക്ക് വികാരങ്ങളെ മനസിലാക്കാൻ കഴിയാതെ വരുന്നു.സ്കൂളുകൾ സാങ്കേതിക വിദ്യകളുടെ കലവറയാകുമ്പോൾ ഒരുപാടു സമയം കണ്ടെത്തുന്നതിനു പകരം സമയം വിനിയോഗിക്കാൻ അറിയാതെ പോകുന്നു.

അദ്ധ്യാപകനും വിദ്യാർത്ഥിക്കും സംവദിക്കാൻ ,
മാതാപിതാക്കൾക്കും ,കുട്ടികൾക്കും ആശയവിനിമയത്തിന്
സമയം കൂടുതൽ കിട്ടുന്നതിന് പകരം വിവരസാങ്കേതിക വിദ്യകൾ
ഇതിനൊക്കെ തടസ്സമായി എന്നത് വിരോധാഭാസം
തന്നെയാണ്.




സാങ്കേതിക വിദ്യ എത്ര വികസിച്ചാലും ഒരു എന്ത്രത്തിനു മനുഷ്യനാകാൻ കഴിയില്ല എന്ന യാഥാർത്ഥ്യത്തെ തിരിച്ചറിയ-ണം.മനുഷ്യസൃഷ്ടിയായ സാങ്കേതിക വിദ്യയെ തിരിച്ചറിയാതെ മനുഷ്യന്റെ നൈസർഗികായ
ചിരിയും, സംസാരവും നഷ്ടപ്പെട്ടുകൊണ്ടിരികുന്ന വലിയൊരു സമൂഹമായി നാം മാറ്റപ്പെടുന്നവെന്നത് അറിയാതെപോകുന്നു.

ജീവനുള്ളവയുമായി സമ്പർക്കം പുലർത്താൻ നാം ശ്രദ്ധാലുക്കളാകണം. സ്നേഹത്തെ തിരിച്ചറിയുന്ന വികാരങ്ങളെ തിരിച്ചറിയുന്ന ജീവനുള്ളവയുടെ പ്രതികരണങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന പുതിയ തലമുറയുടെ സൃഷ്ടിക്കായി നമുക്ക് പരിശ്രമിക്കാം.

-Nayana



***a rhyme  for kids***

# BABY ANIMALS

A baby dog is a puppy
A baby cat is a kitten
A baby cow is a calf
A baby goat is a kid
A baby sheep is a lamb
A baby pig is a piglet
A baby house is foal
A baby lion is a cub
A baby is a tadpole

# മഴ



മഴ - എന്നും മനസിന്റെ താളമാണ്
മറന്നിട്ട ബാല്യത്തിൻ
ഓർമ്മപ്പെടുത്തൽ പോലെ
മഴ - ബാല്യത്തിലേക്ക് ഒരു യാത്രയാണ്
ഒരിക്കലും തീരാത്ത യാത്ര
തുലാമഴ -പണി തീരാത്ത കളിവീടിനൊപ്പം
സ്വപ്നങ്ങളും ഒലിച്ചിറങ്ങിയ ഓർമ്മ
കർക്കിടക മഴ -കത്തുന്ന വയറിനും നനഞ്ഞൊ
ലിച്ച പുസ്തകതാളുകൾക്കുമിടയൽ
വീണുടഞ്ഞ കണ്ണീർക്കണങ്ങളുടെ ഓർമ്മ
വേനൽ മഴ -ഉതിർന്നു വീഴുന്ന മാമ്പഴങ്ങളുടെ
മധുരിക്കും ഓർമ്മ.

- സുശീല ടീച്ചർ

# മിഴി

ഇരുളിന്റെ യാമങ്ങളിൽ ഞാൻ നിന്നെ
തേടുന്നു
ഒരു പാട് യാത്രകൾ കഴിഞ്ഞു
ഇനിയും നിൻ നിഴൽ പോലും
കാണുവാൻ കഴിഞ്ഞതില്ല
അറിയില്ല ഇനി ഞാനെത്ര
അലയേണമെന്ന്
എങ്കിലും ഞനീ ഭ്രമിയിൽ
അലിഞ്ഞു ചേരും മുൻപേ
എൻ മിഴികൾ നിന്നെ എടുത്തെൻ
കരങ്ങളിൽ കൊണ്ട് നൽകും
അതി നിമിഷം എൻ മിഴിയെ -
ന്നെ വിട്ടകന്നു പോകും
ഞാനീ ഭൂമിയിൽ അലിഞ്ഞു ചേരും....



- ലിൻഷ ഫെബിൻ

# മരണമേ

റിയ

ഉറങ്ങുന്നതും ഉണരുന്നതും നിന്നെത്തേടി - ഞാൻ
നടപ്പാതയിലോ നിദ്രതൻ ആഴത്തിലോ
നിന്നെ സ്വന്തമാക്കാനെൻ മനം - കൊതിച്ചീടുന്നു
എങ്കിലുമിന്നെന്നെത്തേടിയെത്താത്തതെന്തേ.?
നിന്റെ കൈപിടിയിലലിഞ്ഞു ചേരാൻ
ഒരോ നിമിഷവും കാത്തിരുന്നു
ഇനിയും നീ എന്നിൽ നിന്നകന്നെതന്തേ...?
നിന്റെ നെഞ്ചോടുചേരാൻ ഞാൻ -
ആഗ്രഹിച്ചിടുന്നു
നിന്റെ നെഞ്ചോടുചേരാനെനിക്കു സമയമായി
ഇനിയും നീ എന്നിൽ നിന്നകന്നിടല്ലേ
നിന്നെത്തേടി ഏകാന്തമാം വഴിയിലൂടെ
ഞനിതാ ഒരു ഭ്രാന്തിയെ പോലലഞ്ഞടുന്നു
എന്നുവന്നു ചേരും നീഎൻ
ഹ്രദയത്തെ സ്വന്തമാക്കാൻ
ഇനി ഞാൻ നിനക്കായെന്തുതരണം
നിനക്കുതരാൻ.............
നിനക്കുതരാൻ എൻ കരങ്ങളിൽ
പാതിയിൽ നൂലറ്റുവീണ
എൻ ജീവിതം മാത്രമേ പാക്കിയൊള്ളൂ
ഞാൻ നിന്നെ പ്രണയിച്ചിടുന്നു
നീ എന്നിൽ അലിഞ്ഞു ചേരുന്നനാൾ
ലോകം എന്നെ തിരിച്ചറിയും
ഇനി വയ്യ! വയ്യ ഈ
കാത്തിരിപ്പിനൊരവസാനം
നീ എന്നു നൽകും
എൻ മരണമേ..........?



# നിഴലേ നീമാത്രം

എത്രയോ അകലെഞാൻ- ഏകയായലഞ്ഞാലും
നീ എന്റെ കൂടെ വന്നിടുന്നു
ഞാൻ നിന്നെ - നോവിക്കുന്നുണ്ടെന്നെനിക്കറിയാം
എങ്കിലും നീ എന്നുമെന്റെ കൂടെ
എന്തിനായ് നിയെന്നെ കൂട്ടുപിടിച്ചു
എൻ ജന്മം വെറുമൊരു പാഴ്ജന്മം
നീ എന്നിലേക്കടുക്കരുത്
എന്നിൽ നിന്നെന്നിൽ നിന്നകന്നുപോകൂ
വേണ്ടയെനിക്കിനിയാരെയും
എന്നെയറിയാനാരുണ്ടിവിടെ
ഇരുട്ടിന്റെ മറവിൽ ഇനി
ഈ നീ പോലും
എന്നെ തനിച്ചാക്കി അകലുകില്ലേ......?

- ലിൻഷ ഫെബിൻ



# ഇന്ത്യ

ഭാരതം നമ്മുടെ നാടാണ്
ശോഭനമായൊരു നാടാണെ
ഭാഷ പെരുത്തുണ്ടെന്നാലും
ഭാരത മക്കൾ ഒന്നാണെ.

ഭാരത നാട്ടിൻ രക്ഷയ്ക്കായ്
ഭാസുരമായൊരു ഭാവിക്കായ്
കയ്യും മെയ്യും ഒന്നായ് ചേർന്ന്
എന്നും നമ്മൾക്കൊന്നിക്കാം.

ഒന്നായ് ചൊല്ലുക സോദരരേ
നന്നായ് ചൊല്ലുക മാനവരേ

വൈശാഖ്

# വാക്കുകൾ അവസാനിക്കുന്നില്ല...

വര- PRAJITH

PAGE DESIGN &
data entry-kites members
Page Design Help-Jisha Teacher
Prabha Teacher
Shincy Teacher
Jeeva Teacher
John Mash



THANKS